**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **11-10-2024 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക സേവനങ്ങൾ ദ്രുതഗതിയിലും സുതാര്യമായും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ; | (എ) | കർഷക സേവനങ്ങൾ ദ്രുതഗതിയിലും സുതാര്യമായും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കർഷകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനുള്ള അപേക്ഷകൾ കതിർ പോർട്ടൽ, കതിർ മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വഴിയാണ് സ്വീകരിക്കുന്നത്.<br><br>കർഷകർക്ക് അടിസ്ഥാന വിവരങ്ങൾ, സ്ഥല വിവരങ്ങൾ, വിള വിവരങ്ങൾ എന്നിവ നല്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അതിനുശേഷം പ്രസ്തുത കൃഷിഭവനിലെ കൃഷി അസിസ്റ്റന്റ് ഇത് പരിശോധിച്ച് അംഗീകാരത്തിനായി കൃഷി ഓഫീസർക്ക് നല്കുന്നതും കൃഷി ഓഫീസർ അംഗീകാരം നല്കിയാൽ, കർഷകർക്ക് ഐ.ഡി. കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. |
| (ബി) | ഇതുവരെ എത്ര ശതമാനം കർഷകർക്കാണ് കാർഡുകൾ നൽകുന്ന നടപടി പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് തിരിച്ചറിയൽ കാർഡ് വിതരണം പ്രാരംഭ ഘട്ടത്തിലാണ്. നിലവിൽ 196 കർഷകർക്ക് തിരിച്ചറിയൽ രേഖ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ